# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 11/1623/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 21/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 11/1623/2023 തീയ്യതി: 21/11/2023

# കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിശ.ആർ.കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അനൂപ്. കെ വി, സീനിയർ ഗ്രേ. ഓഡിറ്റർ
ശ്രീമതി.ജിഷ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോസ് തോമസ് | പ്രസിഡന്റ് | 01-04-2022 | 30-04-2022 |
| ശ്രീമതി. മേരി തങ്കച്ചൻ | പ്രസിഡന്റ് | 01-05-2022 | 22-05-2022 |
| ശ്രീ.ആദർശ് ജോസഫ് | പ്രസിഡന്റ് | 23-05-2022 | 31-03-2023 |
| ശ്രീ.അൻസു ഒ.എ | സെക്രട്ടറി | 01-04-2022 | 21-09-2022 |
| ശ്രീ.അജിത്ത് പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-09-2022 | 02-10-2022 |
| ശ്രീ.അൻസു ഒ.എ | സെക്രട്ടറി | 03-10-2022 | 10-10-2022 |
| ശ്രീ.അജിത്ത് പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-10-2022 | 20-10-2022 |
| ശ്രീ.സുരേഷ് കുമാർ.കെ | സെക്രട്ടറി | 21-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അജിത്ത് പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ രാജേഷ് ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി റെജിമോൾ ജോർജ്ജ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിജി പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഫസ് ലി.പി.കെ | ഐ .സി .ഡി .എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷാജു.കെ.എസ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ പ്രിയ.കെ.വി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ഡിജേഷ് ഉണ്ണികൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ഗീത.വി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 15-07-2022 |
| ഡോ.സല്ലി പി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 16-07-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ്.പി.എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | Directly Debited By Bank ആയി ചേർത്ത തുകകൾ വിശദീകരിച്ചിട്ടില്ല. | 1-1-3 |
| 5 | ക്ലോസ് ചെയ്യപ്പെട്ട ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തി. | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റായില്ല. | 1-1-5 |
| 7 | സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല. | 1-1-6 |
| 8 | Depreciation സംബന്ധിച്ച Worksheet തയ്യാറാക്കിയിട്ടില്ല. | 1-1-7 |
| 9 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആവുന്ന തുക രസീത് നൽകി കണക്കിൽ എടുത്തില്ല. | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-9 |
| 11 | ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം (ACR,AFS,Sulekha Expenditure Statement എന്നിവ പ്രകാരം) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ടാക്സ് ഓഡിറ്റ് | 1-9 |
| 20 | കാലാവധി കഴിഞ്ഞ ചെക്ക് - തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല | 1-10 |
| 21 | ക്ലോസ് ചെയ്യപ്പെട്ട ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-11 |
| 22 | മലയോര ഹൈവേ നിർമ്മാണം - വീട് നഷ്ടമായവരുടെ പുനരധിവാസം - തുടർനടപടികൾ സംബന്ധിച്ച് | 1-12 |
| 23 | ലേലം - അപാകതകൾ | 1-13 |
| 24 | ക്രമവത്കരണ ഫീ ഈടാക്കാതെ കെട്ടിടം ക്രമവത്കരിച്ചു നൽകി | 1-14 |

| | | |
|---|---|---|
| 25 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു | 1-15 |
| 26 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, പ്രവൃത്തിയുടെ പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-16 |
| 27 | മുൻകുറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-17 |
| 28 | ആർ ട്രാക്ക് പദ്ധതി - തുടർ വിശദാംശങ്ങൾ ലഭ്യമല്ല | 1-18 |
| 29 | പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം - നടപടികൾ സ്വീകരിക്കുന്നില്ല. | 1-19 |
| 30 | ടേക്ക് എ ബ്രേക്ക് പ്രവർത്തനക്ഷമമായില്ല. | 1-20 |
| 31 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകി | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4 -10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 11.07.2023 ലെ 2/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 11.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട

അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവയും മുൻവർഷത്തെ താരതമ്യ തുകകളും രേഖപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 Directly Debited By Bank ആയി ചേർത്ത തുകകൾ വിശദീകരിച്ചിട്ടില്ല.

SBI E-payment അക്കൗണ്ടിന്റെ 31.3.2023 ന്റെ ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 12,590/- രൂപ Directly Debited By Bank ആയി കാണിച്ചിട്ടുണ്ട്. ആയത് വിശദീകരിച്ചിട്ടില്ല.

1-1-4 ക്ലോസ് ചെയ്യപ്പെട്ട ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തി.

KGB Pension അക്കൗണ്ടിൽ (40180101010891) വാർഷിക കണക്കിലെ ബി-17 പ്രകാരം 6,385/- രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ട് 21.6.2022 ന് ക്ലോസ് ചെയ്യപ്പെട്ടിട്ടുള്ളതും നീക്കിയിരിപ്പ് തുക SBI തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുള്ളതുമാണ്.

1-1-5 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റായില്ല.

കുടരഞ്ഞി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിന്റെ (101100010000108) 31.3.2023 ന്റെ റീക്കൺസീലിയേഷൻ പത്രികയിൽ 25.9.2018 ന് Cheque Deposited But Not Cleared ആയി 1,250 രൂപ ഉണ്ട്. ആയത് നാളിതുവരെ കളക്ഷൻ ആയിട്ടില്ല.

1-1-6 സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 22,192/- രൂപയാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ബാലൻസ് സ്റ്റോക്ക് ഉണ്ടെങ്കിലും സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

1-1-7 Depreciation സംബന്ധിച്ച Worksheet തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ Depreciation പരിശോധിക്കുന്നതിനാവശ്യമായ Worksheet തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-1-8 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആവുന്ന തുക രസീത് നൽകി കണക്കിൽ എടുത്തില്ല.

എസ്.ബി.ഐ Own Fund അക്കൗണ്ടിൽ Directly Credited By Bank ആയി 31.3.2023 ന് 6,455 രൂപ കാണിച്ചിട്ടുണ്ട്. ആയതിന് രസീത് നൽകി കണക്കിലുൾപ്പെടുത്തിയിട്ടില്ല.

1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-10 ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കാനുള്ള തുകയും വാർഷിക കണക്ക് പ്രകാരം തിരിച്ചടയ്ക്കാനുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 തിയ്യതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2022-23 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 61,24,255 |
| വരവ് | 18,66,77,636 |
| ആകെ | 19,28,01,891 |
| ചെലവ് | 18,84,96,239 |
| നീക്കിയിരിപ്പ് | 43,05,652 |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,05,81,633 |
| വരവ് | 3,92,33,194 |
| ആകെ | 5,98,14,827 |
| ചെലവ് | 3,59,85,110 |
| നീക്കിയിരിപ്പ് | 2,38,29,717 |

1-4 ഫണ്ട് വിനിയോഗം (ACR,AFS,Sulekha Expenditure Statement എന്നിവ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 2,21,32,000 (ACR 19595271+ GO Project 2536729) | 2,21,32,000 | 2,21,32,000 (ACR 19595271+ GOProject 2536729) | 0 |
| വികസന ഫണ്ട്- എസ് .സി.പി | 0 | 18,85,000 (ACR 1741918+ GO Project 143082) | 1885000 | 18,85,000 (ACR 1741918+ GO Project 143082) | 0 |
| വികസന ഫണ്ട്- ടി.എസ് .പി | 0 | 15,30,000 (ACR 1262804+ GO Project 267196) | 1530000 | 14,04,532 (ACR 1137336+ GO Project 267196) | 1,25,468 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 61,14,000 | 61,14,000 | 58,10,234 | 3,03,766 |
| മെയിന്റനൻസ്, റോഡ് | 0 | 1,69,34,000 | 1,69,34,000 | 1,39,69,985 | 29,64,015 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) (ട്രഷറി) | 0 | 46,015 | 46,015 | 43,504 | 2,511 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(untied)PFMS) | 6,61,763 | 38,34,000 (+218371 (Interest)) | 4495763 | 3871975 | 8,42,159 (623788+ 218371) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് (ട്രഷറി) | 0 | 15,21,264 | 15,21,264 | 9,34,211 | 5,87,053 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(tied)(PFMS) | 30,07,116 | 57,51,000 | 87,58,116 | 28,84,093 (2857879+26214) | 58,74,023 |

(കുറിപ്പ് – CFC Untied PFMS മുന്നിരിപ്പിൽ Interest ഉൾപ്പെടാത്ത സാംഖ്യ ACR പ്രകാരമുള്ള തുകയാണ് മുൻവർഷ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തൻവർഷം ഉൾപ്പെടുത്തിയ മുന്നിരിപ്പും നീക്കിയിരിപ്പും Interest ഉൾപ്പെടെയുള്ള തുകയാണ്. ടി.എസ്.പി.യിൽ നിന്നും 1,25,468 രൂപ ഗോത്രസാരഥി പദ്ധതി പ്രകാരം ബിൽ ജനറേറ്റ് ചെയ്തെങ്കിലും തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടില്ല. പ്രസ്തുത തുക ചെലവായി ACR-ൽ ഉൾപ്പെട്ടിട്ടുണ്ട്. )

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 221 | 10,29,56,528 | 192 | 7,00,76,668 | 29 | 87% |

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു. കുടരഞ്ഞി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

അക്കൗണ്ടിന്റെ (101100010000108) 31.3.2023 ന്റെ റീക്കൺസീലിയേഷൻ പത്രികയിൽ 25.9.2018 ന് Cheque Deposited But Not Cleared ആയി 1,250 രൂപ ഉണ്ട്. ആയത് നാളിതുവരെ കളക്ഷൻ ആയിട്ടില്ല. വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 22,192/- രൂപയാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ബാലൻസ് സ്റ്റോക്ക് ഉണ്ടെങ്കിലും സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല. ആസ്തികളുടെ Depreciation പരിശോധിക്കുന്നതിനാവശ്യമായ Worksheet തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എസ്.ബി.ഐ Own Fund അക്കൗണ്ടിൽ Directly Credited By Bank ആയി 31.3.2023 ന് 6,455 രൂപ കാണിച്ചിട്ടുണ്ട്. ആയതിന് രസീത് നൽകി കണക്കിലുൾപ്പെടുത്തിയിട്ടില്ല. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 32,62,000 | 289 |
| വിധവാപെൻഷൻ | 67,74,000 | 629 |
| വാർദ്ധക്യകാലപെൻഷൻ | 1,49,74,400 | 1414 |
| വികലാംഗപെൻഷൻ | 21,37,000 | 202 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,44,200 | 19 |
| തൊഴിൽരഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 94,681/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ

നിജസ്ഥിതി ബോധ്യപ്പെട്ടു.

1-9 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിൽ കണ്ടെത്തിയ വിഷയങ്ങൾ വിവിധ ഖണ്ഡികകളായി ചുവടെ കൊടുക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്.

1. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും തനത് വരുമാനം പിരിച്ചെടുക്കുന്നതിനും, വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന കാര്യക്ഷമമായ ചർച്ചകളും തീരുമാനങ്ങളും കൈക്കൊണ്ടതായി മിനുട്സുകളിൽ നിന്നും, തുടർ പ്രവർത്തികളിൽ നിന്നും വ്യക്തമാവുന്നു. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി ക്യാമ്പ് കലക്ഷൻ, അനധികൃത നിർമ്മാണം കണ്ടെത്തി നടപടി സ്വീകരിക്കൽ, ലൈസൻസ് കാര്യക്ഷമമാക്കൽ എന്നിവ നടത്തി വരുന്നു.

എ). നികുതി പിരിവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി, തൊഴിൽ നികുതി വരവ്, ഈയിനത്തിലെ യഥാർത്ഥ വരവ് എന്നിവ ചുവടെ കൊടുക്കുന്നു.

| നികുതിയിനം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 35,00,000 | 31,08,829 | 3,91,171 (കുറവ്) |
| തൊഴിൽ നികുതി | 16,75,000 | 15,26,410 | 1,48,590 (കുറവ്) |
| ആകെ | 51,75,000 | 46,35,239 | 5,39,761 (കുറവ്) |

വസ്തുനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തുനികുതി ചുമത്താവുന്നതും ശുചിത്വ പരിപാലനം, ജലവിതരണം, മാലിന്യ നിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്.

മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് ഉപയോഗിക്കുന്ന 10,027 കെട്ടിടങ്ങളും 12 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 845 എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം

05.04.2023 ലെ സ.ഉ(അച്ചടി). നം. 25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഭരണ സമിതിയുടെ 15.05.2023 ലെ 3/1 നമ്പർ തീരുമാന പ്രകാരം താല്ക്കാലികമായി അംഗീകരിച്ച വസ്തു നികുതി പരിഷ്കരണം 26.8.2023 തിയ്യതിയിലെ 1/1 നമ്പർ ഭരണസമിതി തീരുമാനപ്രകാരം അന്തിമമാക്കി തീരുമാനിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 ലെ എൽ.എസ്.ജി.ഡി/പി.ഡി/20073/2023-റിവ്2 നമ്പർ കത്ത് പ്രകാരം നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നോട്ടീസും അന്തിമ വിജ്ഞാപനങ്ങളും 2023 ജൂൺ 30 നകം പുറപ്പെടുവിക്കേണ്ടതാണെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിലുണ്ടായിട്ടുള്ള കാലതാമസം തുടർ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതിനേയും ബാധിച്ചിട്ടുണ്ട്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്ന 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക (5) ൽ നിർദ്ദേശിച്ചിട്ടുണ്ട്.

പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി 1, ജി 2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി

ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

ഫീൽഡ് തല പരിശോധനകൾ

സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തിയ്യതി 20.6.2022 പ്രകാരമുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തി വരുകയും ആയതിനാൽ വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരിടത്തും വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നിലവിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തീകരിച്ച് ആയതിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടതാണ്.
2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
3. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ് – വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
5. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം നിർമ്മിച്ച് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്ന് കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.
6. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-10 കാലാവധി കഴിഞ്ഞ ചെക്ക് - തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല

ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ കുടരഞ്ഞി സർവ്വീസ് കോ – ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിന്റെ ( 101100010000108 ) റിക്കൺസീലിയേഷൻ പത്രികയിൽ 25.9.2018

ന് Cheque Deposited But Not Cleared ആയി 1,250 രൂപ ഉണ്ട്. ആയത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. കാലാവധി പിന്നിട്ട പ്രസ്തുത ചെക്ക് പ്രകാരമുള്ള തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാതെ റിക്കൺസീലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തി വരുന്നതായാണ് കാണുന്നത്. ഈ തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തതിന് മറുപടി നൽകേണ്ടതാണ്.

## 1-11 ക്ലോസ് ചെയ്യപ്പെട്ട ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തി

വാർഷിക കണക്ക് ഷെഡ്യൂൾ ബി-17 പ്രകാരം 31.3.2023 ന് KGB Pension അക്കൗണ്ടിൽ (40180101010891) 6,385/- രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ ബാങ്ക് അക്കൗണ്ട് 21.6.2022 ന് ക്ലോസ് ചെയ്യപ്പെടുകയും നീക്കിയിരിപ്പായിരുന്ന 6,455/- രൂപ ഗ്രാമപഞ്ചായത്തിന്റെ SBI തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 31.3.2023 ന് അക്കൗണ്ടിൽ നീക്കിയിരിപ്പില്ലാത്ത സാഹചര്യത്തിൽ വാർഷിക കണക്ക് ഷെഡ്യൂൾ ബി-17 ൽ KGB Pension അക്കൗണ്ട് ഉൾപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-12 മലയോര ഹൈവേ നിർമ്മാണം - വീട് നഷ്ടമായവരുടെ പുനരധിവാസം - തുടർനടപടികൾ സംബന്ധിച്ച്

ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 14.9.2023 ന് 47,56,251 /- രൂപയുടെ ചെക്ക് ( No.4/161220 Dated 8.9.2023 ) തുക Kerala Road Fund Board ൽ നിന്ന് ലഭിച്ചതായും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പ്രസ്തുത തുക SBI Own Fund അക്കൗണ്ടിൽ ക്രെഡിറ്റ് ആയതായും കാണുന്നു. എന്നാൽ ആയത് രസീത് നൽകി കണക്കിലെടുത്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കോടഞ്ചേരി - കക്കാടംപൊയിൽ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് വീട് നഷ്ടമാവുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പഞ്ചായത്തുകളെ ചുമതലപ്പെടുത്തുന്നതിനും ആയതിനുള്ള ഫണ്ട് പഞ്ചായത്തുകൾക്ക് കൈമാറുന്നതിനും 9.5.2023 ന് നടത്തിയ KIIFB മീറ്റിങ്ങിൽ തീരുമാനിച്ചതു പ്രകാരം കൂടരഞ്ഞി പഞ്ചായത്തിലെ 5 വ്യക്തികളിൽ 2 പേർക്ക് സ്ഥലം വാങ്ങുന്നതിനും വീടിനും 6 മാസത്തെ വാടകയുമുള്ള തുക ഉൾപ്പെടെ 10,36,000/- രൂപ വീതവും ഒരാൾക്ക് 14,99,508/- രൂപയും ബാക്കിയുള്ള 2 പേർക്ക് വീടിനും 6 മാസത്തെ വാടകയുമുള്ള തുക ഉൾപ്പെടെ യഥാക്രമം 4,36,000 രൂപ, 7,48,743 രൂപ എന്നിങ്ങനെയുള്ള ആകെത്തുകയാണ് 14.9.2023 ന് ലഭ്യമായിട്ടുള്ളത്. മേൽ തുക നിലവിൽ പഞ്ചായത്തിന്റെ SBI Own Fund അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.6.2023 ലെ 7/1 നമ്പർ തീരുമാനപ്രകാരമാണ് കോടഞ്ചേരി - കക്കാടംപൊയിൽ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് വീട് നഷ്ടമായവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളത്.

മേൽ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 ലേലം - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ലേല രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലേല നിബന്ധനയിൽ വ്യക്തതയില്ല

28.3.2023 ന് നടന്ന ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലനുഭവങ്ങളുടെ ലേലത്തിൽ 9,600/- രൂപയ്ക്ക് ശ്രീ. ഒ. എസ്. ബാലന് ലേലം അംഗീകരിച്ച് നൽകിയിട്ടുണ്ട്. ലേല നിബന്ധന പ്രകാരം ലേല ദിവസം തന്നെ ലേലത്തുകയുടെ 1/3 തുക (ഇ.എം.ഡി ഉൾപ്പെടെ) അടവാക്കേണ്ടതാണ് എന്നതനുസരിച്ച് 3,200/- രൂപ അതേ ദിവസം അടവാക്കിയിട്ടുണ്ട്. എന്നാൽ ലേല നിബന്ധനയിൽ ഏത് വർഷത്തേക്കാണ് ലേലം നടത്തുന്നത് എന്നോ ബാക്കി തുക അടവാക്കേണ്ടത് എന്നാണെന്നത് സംബന്ധിച്ചോ ഉള്ള വിവരങ്ങൾ

ഇല്ല. ശ്രീ. ഒ. എസ്. ബാലൻ ഓഡിറ്റ് കാലയളവ് വരെ ബാക്കി തുക അടവാക്കിയതായി കാണുന്നില്ല. ലേല നിബന്ധനയിൽ തുക അടവാക്കേണ്ട കാലയളവ് സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്താതിരുന്നതിന് മറുപടി നൽകേണ്ടതാണ്.

2. ലേല തുക മുഴുവൻ ഈടാക്കിയില്ല

A. കംഫർട്ട് സ്റ്റേഷൻ ലേലം

ലേലം രജിസ്റ്റർ പരിശോധിച്ചതിൽ 28.2.2022 ന് നടന്ന കംഫർട്ട് സ്റ്റേഷൻ ലേലത്തിൽ 2,050/- രൂപയ്ക്ക് ശ്രീ. മനു പീച്ചനാരി എന്ന ആൾക്ക് ലേലം അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. 28.2.2022 ന് 121020104036 രസീതി പ്രകാരം 200 രൂപയും, 121020104037 രസീതി പ്രകാരം 700 രൂപയും അടവാക്കിയിട്ടുണ്ട്. എന്നാൽ ബാക്കി 1,350/- രൂപ ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. തുക ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

B. കൂടരഞ്ഞി ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലം

ലേല രജിസ്റ്റർ പരിശോധിച്ചതിൽ 28.2.2022 ന് നടന്ന കൂടരഞ്ഞി ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിൽ 5,100/- രൂപയ്ക്ക് ശ്രീ. രാജേഷ് സ്രാമ്പിക്കൽ എന്ന ആൾക്ക് ലേലം അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. 28.2.2022 ന് 121020104032 നമ്പർ രസീതി പ്രകാരം 500 രൂപയും, 121020104033 നമ്പർ രസീതി പ്രകാരം 1,200 രൂപയും അടവാക്കിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 3,400/- രൂപ ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തുക ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-14 ക്രമവത്കരണ ഫീ ഈടാക്കാതെ കെട്ടിടം ക്രമവത്കരിച്ചു നൽകി

ഫയൽ നം. 400981/BRMC01/GPO/2022/4641

പഞ്ചായത്തിൽ നിലവിലുള്ളതും നമ്പർ നൽകി നികുതി ഈടാക്കിക്കൊണ്ടിരിക്കുന്നതുമായ പാർപ്പിടാവശ്യത്തിനുള്ള എ1 ഗ്രൂപ്പിലുള്ള കെട്ടിടത്തിന്റെ (കെട്ടിട നം. 1/106) താഴെ നിലയുടെ തരം വാണിജ്യാവശ്യത്തിനുള്ളതാക്കി (ഗ്രൂപ്പ് എഫ്) മാറ്റുന്നതിന് കെട്ടിട ഉടമസ്ഥനായ ശ്രീ. ഷാജി തോമസ്, കരിക്കുറ്റി എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| Ground Floor | 143.15 $M^2$ |
| First Floor | 118.49 $M^2$ |
| Total Area | 261.64 $M^2$ |

അപേക്ഷകന് സെക്രട്ടറി നൽകിയ മറുപടി കത്തിൽ (400981/BRMC01/GPO/2022/4641/(1) തിയ്യതി 08.12.2022) പഞ്ചായത്ത് ഓഫീസിന്റെ രേഖകളിൽ മേൽ കെട്ടിടം 66.4 ച. മീറ്റർ മാത്രം വിസ്തൃതിയുള്ള ഒരു നില കെട്ടിടമാണെന്നും നിലവിൽ സമർപ്പിച്ച പ്ലാനിൽ 261.64 ച. മീറ്റർ ഉള്ളതായി കാണിച്ചതിനാൽ അധികമുള്ള ഏരിയ റെഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിലില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1/106 നമ്പറിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം, മാറ്റം വന്ന തറവിസ്തീർണ്ണം (76.74 ച. മീ) ഉൾപ്പെടെ ആകെ 143.14 ച. മീറ്റർ ആയും വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിൽ വിസ്തൃതിയുള്ള കെട്ടിടം എന്ന തരത്തിലുമാണ് നിലവിൽ നികുതി

ഈടാക്കിക്കൊണ്ടിരിക്കുന്നതെന്ന് കാണുന്നു. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പഞ്ചായത്ത് രേഖകളിൽ 66.4 ച. മീറ്റർ മാത്രം ഏരിയ ഉണ്ടായിരുന്ന കെട്ടിടത്തിനോടനുബന്ധിച്ച് പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിച്ചതും നിലവിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതുമായ 76.74 ച. മീറ്റർ വിസ്തൃതിയുള്ള കെട്ടിടഭാഗത്തിന് കെട്ടിടനമ്പർ നൽകുമ്പോൾ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ക്രമവത്കരിക്കുന്നതിന് അനുസൃതമായ ഫീസ് ഈടാക്കേണ്ടതായിരുന്നു. എന്നാൽ ക്രമവത്കരണ ഫീസ് ഈടാക്കിയതായി കാണുന്നില്ല.

2) നിലവിലുള്ളതും പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കപ്പെട്ടതുമായ കെട്ടിടം (66.4 ച. മീറ്റർ) വാണിജ്യാവശ്യത്തിലേക്കായി തരം മാറ്റിയിട്ടുണ്ട്. എന്നാൽ KPBR - 2019 റൂൾ 4(3) പ്രകാരം നിലവിലുള്ള കെട്ടിടം ഉപയോഗമാറ്റം വരുത്തുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും പെർമിറ്റ് വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽത്തന്നെ വിനിയോഗക്രമം മാറ്റിയ ഈ കെട്ടിടത്തിന് നിലവിലെ വിനിയോഗഗണത്തിന് അനുസൃതമായി പെർമിറ്റ് ഫീസ് ഈടാക്കേണ്ടതായിരുന്നു. എന്നാൽ പെർമിറ്റ് ഫീ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) അപേക്ഷകൻ സമർപ്പിച്ച പ്ലാൻ പ്രകാരം പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിച്ച 118.49 ച. മീറ്റർ (ഒന്നാം നില) കെട്ടിട ഭാഗം നിലവിലും ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 9) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവത്കരിക്കപ്പെടാത്ത ഏരിയ ക്രമവത്കരിച്ചും, ഫീ ഇനത്തിൽ ഈടാക്കേണ്ട തുകകൾ ഈടാക്കിയും രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ഇതേ ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിൽ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും, 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലാണ് ശ്രീ. ടി. എ. അബ്ദുൾ കരീം, താന്നിക്കൽ, കൂടരഞ്ഞി എന്നവരുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

(കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല / റോഡിന്റെ തരം :- പ്രഥമം/5മീറ്ററോ അതിൽ കൂടുതൽ )

| വാർഡ്/ കെട്ടിട നം. | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉപയോഗ ക്രമം | സഞ്ചയ പ്രകാരം നികുതി പ്രാബല്യത്തിൽ വരുന്ന തിയ്യതി |
|---|---|---|
| 12/751 A | $16.75m^2$ (GF) | 2023 First Half |
| 12/751 B | $16.75m^2$ (GF) | ” |
| 12/751 C | $16.75m^2$ (GF) | ” |
| 12/751 D | $16.75m^2$ (GF) | ” |
| 12/751 E | $16.75m^2$ (GF) | ” |
| 12/751 F | $16.75m^2$ (GF) | ” |
| 12/751 G | $26.07m^2$ (FF) | ” |
| 12/751 H | $26.07m^2$ (FF) | ” |
| 12/751 J | $26.07m^2$ (FF) | ” |
| 12/751 K | $26.07m^2$ (FF) | ” |
| 12/751 L | $26.07m^2$ (FF) | ” |
| Total | 230.85 $M^2$ | |

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിച്ച്, കുറവ് വന്ന നികുതി ഈടാക്കേണ്ട കാലയളവ് മുതൽ ഈടാക്കി അറിയിക്കേണ്ടതും, ഇത്തരത്തിൽ മറ്റ് കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-16 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, പ്രവൃത്തിയുടെ പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവിന്റെ രശീതി, പ്രവൃത്തിയുടെ പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 210/23 | ഡി. പി. സി സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാൾ - വിഹിതം കൈമാറൽ | 1,00,000 – വികസന ഫണ്ട് - ജനറൽ,<br>1,00,000 – തനത് ഫണ്ട്<br>ആകെ - 2,00,000 | ജില്ലാ കളക്ടർ, കോഴിക്കോട്<br>1,00,000 – തനത് ഫണ്ട് - ബിൽ നമ്പർ - 150/22-23, തീയതി 1.12.2022,<br>1,00,000 - വികസന ഫണ്ട് - ജനറൽ - ബിൽ നമ്പർ - 180/22-23, തീയതി 4.2.2023<br>ആകെ - 2,00,000 |
| 2 | 243/23 | കൂടരഞ്ഞി കമ്മ്യൂണിറ്റി ഹാളിലേക്ക് സൗണ്ട് സിസ്റ്റം | 1,20,000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്,<br>2,02,100 – തനത് ഫണ്ട്<br>ആകെ - 3,22,100 | PWD ഇലക്ട്രോണിക്സ് സബ് ഡിവിഷൻ, കോഴിക്കോട്<br>1,20,000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബിൽ നമ്പർ - 483/22-23, തീയതി 29.3.2023,<br>2,02,100 – തനത് ഫണ്ട് – ബിൽ നമ്പർ - 484/22-23, തീയതി 29.3.2023,<br>ആകെ - 3,22,100 |
| | | ആകെ | | 5,22,100 |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, പ്രവൃത്തിയുടെ പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2022-23 തീയതി 30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ പൂർത്തീകരണ / വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 5,22,100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2022-23 വർഷം അനുവദിച്ച താഴെപ്പറയുന്ന മുൻകൂറുകൾ ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | വർഷം | വൗച്ചർ നമ്പർ, തീയതി | കൈപ്പറ്റിയ വ്യക്തി | തുക | ഇനം |
|---|---|---|---|---|---|
| 1 | 2022-23 | വൗച്ചർ നമ്പർ-22200166-31.5.2022<br>ചെക്ക് നമ്പർ -594864-31.5.2022, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൂടരഞ്ഞി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, കൂടരഞ്ഞി | 1,40,000 | ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും<br>മഴക്കാലപൂർവ്വ ശുചീകരണ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് |
| 2 | 2022-23 | വൗച്ചർ നമ്പർ-22201058 – 25.3.2023 – (1,40,000)<br>വൗച്ചർ നമ്പർ – 22201059 – | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, കൂടരഞ്ഞി | 2,80,000 | ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും<br>മഴക്കാലപൂർവ്വ ശുചീകരണ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് |

| | | | | | |
|---|---|---|---|---|---|
| | | 25.3.2023 – ( 1,40,000 ) ചെക്ക് നമ്പർ – 26529 – 31.5.2022 - (2,80,000) സർവീസ് സഹകരണ ബാങ്ക്, കുടരഞ്ഞി | | | |
| ആകെ | | | | 4,20,000 | |

ക്രമ നമ്പർ 1 പ്രകാരമുള്ള മുൻകൂർ ജേർണൽ വൗച്ചർ നമ്പർ 42200901 പ്രകാരം ഓഡിറ്റ് വർഷം തന്നെ സാനിറ്റേഷൻ എക്സ്പെൻസ്-230800110 എന്ന ചെലവ് ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടുണ്ടെങ്കിലും ആയതിനെ സാധൂകരിക്കുന്ന ചെലവ് രേഖകളൊന്നും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ 2 ൽ വൗച്ചർ നമ്പർ – 22201059 – 25.3.2023 ആയി കാണിച്ച 1,40,000 രൂപയുടെ ചെലവിന് യഥാർത്ഥത്തിൽ ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തുകയും എന്നാൽ ശുചിത്വ മിഷൻ ഫണ്ടിൽ നീക്കിയിരിപ്പില്ലാത്തതിനാൽ ആയത് താൽക്കാലികമായി തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുകയും ശുചിത്വ മിഷൻ ഫണ്ട് ലഭിക്കുന്ന മുറക്ക് പ്രസ്തുത തുക തനത് ഫണ്ടിലേക്ക് വരവ് വെക്കാമെന്നും 20.3.2023 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിക്കുകയായിരുന്നു. എന്നാൽ പിന്നീട് ഇപ്രകാരം ശുചിത്വ മിഷൻ ഫണ്ട് ലഭ്യമായതായോ ആയത് തനത് ഫണ്ടിലേക്ക് മാറ്റിയതായോ കാണുന്നില്ല. കൂടാതെ ക്രമ നമ്പർ 2 ൽ വൗച്ചർ നമ്പർ – 22201059 – 25.3.2023 ആയി കാണിച്ച 1,40,000 രൂപയുടെ മുൻകൂർ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തതായും കാണുന്നില്ല.

മേൽ മുൻകൂർ തുകകൾ ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിക്കുന്നതിനും മറ്റ് അപാകതകൾക്കും വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2022-23,തീയതി-30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്. അതുവരെ ഈയിനത്തിലുള്ള 4,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 ആർ ട്രാക്ക് പദ്ധതി - തുടർ വിശദാംശങ്ങൾ ലഭ്യമല്ല

പ്രോജക്ട് നം. : 222/22-23, ആർ ട്രാക്ക് പദ്ധതി

അടങ്കൽ : 42,000

ചെലവ് : 34,310

ബിൽ നം. : 168/20.12.23. വി. ഫണ്ട്

മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം ആസ്തികൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് ട്രാക്കിംഗ്, ഇന്റർനെറ്റ്, ജി.പി.എസ്, ആൻഡ്രോയിഡ് സൗകര്യമുള്ള മൊബൈൽ ഫോണും വാഹന സൗകര്യവും ഉപയോഗിച്ച് റോഡ് ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുകയാണ്

പ്രോജക്ടിന്റെ ലക്ഷ്യം. വാർഡ് ഒന്നിന് 3,000 രൂപ നിരക്കിൽ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സർവ്വേ നടത്തിയ 11 പേർക്ക് മസ്റ്റർ റോൾ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല. ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ഈ പദ്ധതി പ്രകാരമുള്ള ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-19 പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം - നടപടികൾ സ്വീകരിക്കുന്നില്ല.

കുടരഞ്ഞി ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനീയറുടെ താഴെ പറയുന്ന പ്രോജക്ട് പരിശോധിച്ചതിൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ - 43/22-23 (SO)

പ്രൊജക്ട് : ടേക്ക് എ ബ്രേക്ക് പദ്ധതി പൂർത്തീകരണം

അടങ്കൽ തുക : 1,66,248

ചെലവ് തുക - 1,36,921 (ധനകാര്യകമ്മീഷൻ അവാർഡ്)

എം. ബുക്ക് : 187/21-22

പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയ പരിധി : 6 മാസം

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി തിയ്യതി 01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി ആരംഭിക്കാത്ത കേസുകളിൽ ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. മേൽ പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ പ്രവൃത്തി നീട്ടിക്കൊണ്ടു പോയതായി കാണുന്നു. പ്രസ്തുത അവസരത്തിൽ കരാറുകാരനെതിരെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രവൃത്തി സംബന്ധിച്ച നടപടികൾ | തിയ്യതി |
|---|---|---|
| 1 | ടെണ്ടർ | 17.9.21 |
| 2 | ഭരണസമിതി ടെണ്ടർ അംഗീകരിച്ചത് | 22.9.21 |
| 3 | സെലക്ഷൻ നോട്ടീസ് | 25.9.21 |
| 4 | എഗ്രിമെന്റ് വെച്ചത് | 8.10.21 |
| 5 | സൈറ്റ് കൈമാറിയത് | 8.10.21 |
| 6 | പ്രവർത്തി ആരംഭിച്ചത് | 14.2.22 എം. ബുക്ക് 187/ 20-21 പേജ് നമ്പർ 1) |

കരാർ വ്യവസ്ഥകൾ പ്രകാരം കരാറുടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലം ഏറ്റുവാങ്ങുകയും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവർത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ കരാർ പ്രകാരവും മാന്വൽ പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു.

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരം പദ്ധതികൾ ആരംഭിക്കാത്തതുമൂലം ഓഡിറ്റ് വർഷം പ്രവൃത്തിയ്ക്കായി

വകയിരുത്തിയ ഫണ്ട് നഷ്ടപ്പെടുകയും പ്രവൃത്തി തുടർ വർഷങ്ങളിലേയ്ക്ക് സ്പിൽ ഓവറാകുന്നതിനും തുടർ വർഷങ്ങളിലെ പദ്ധതികളുടെ ആസൂത്രണ/നിർവ്വഹണത്തെ ബാധിക്കുന്നതിനും ഇടയാക്കുന്നു. ജി.എസ്.ടി. നിരക്കിലുണ്ടായ വർദ്ധനവ് സ്ഥാപനത്തിന് അധിക ചെലവുണ്ടാക്കാനും കാരണമാകും. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-20 ടേക്ക് എ ബ്രേക്ക് പ്രവർത്തനക്ഷമമായില്ല.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

മേൽ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തികവർഷത്തിൽ ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. രൂപീകരിച്ച പദ്ധതികളുടെയും, അവയ്ക്കായി ചെലവഴിച്ച തുകയുടേയും വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് പേര്/നം. | അടങ്കൽ/ഫണ്ടിനം | ചെലവ്/ബിൽ നം., തിയ്യതി | പ്രവൃത്തി വിശദാംശം |
|---|---|---|---|
| ടേക്ക് എ ബ്രേക്ക്, 268/20-21 | 13,00,000 സംസ്ഥാന ആവിഷ്കൃതം | 3,92,974 349/26.3.21 | കെട്ടിട നിർമ്മാണം |
| ടേക്ക് എ ബ്രേക്ക് (216/ 21-22 SO) | 9,07,026 സംസ്ഥാന ആവിഷ്കൃതം | 7,43,987 122 /25/10/21 | ടി |
| ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം 231/21-22 | 4,50,000 ധനകാര്യകമ്മീഷൻ അവാർഡ് | 3,27,067 481/ 30/3/22 | പ്ലംബിംഗ്, പെയിന്റിംഗ്, വാതിൽ, ഇന്റർലോക്ക് പാകൽ മുതലായവ |
| ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം (S.O) | 1,66,248 ധനകാര്യകമ്മീഷൻ അവാർഡ് | 1,36,921 173/20. 12.21 | ടി |

| | | | |
|---|---|---|---|
| 43/22-23 | | | |
| ആകെ ചെലവ് | | 16,00,949 | |

30.10.23 ന് ടേക്ക് എ ബ്രേക്ക് നേരിൽ സന്ദർശിച്ചതിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് 14/8/22 ന് ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ടെങ്കിലും തുടർന്നുള്ള അനുബന്ധ സൗകര്യങ്ങൾ ഒരുക്കി കെട്ടിടം പ്രയോജനപ്രദമാക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് ആവശ്യമായ ഇരിപ്പിടങ്ങൾ ഒരുക്കിയും, കഫ്റ്റേരിയയുടെ പ്രവർത്തനം ആരംഭിച്ചും പദ്ധതി ആകർഷകമാക്കി വിജയിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകി

സബ്സിഡി മാർഗ്ഗരേഖ (സ. ഉത്തരവ് നം. 115/2022/ത.സ്വ.ഭ.വ തി. 28.05.2023) യിലെ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ / പക്ഷികളെ വാങ്ങുന്നത് അനുവദനീയമല്ലെന്നും, ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങിക്കുന്നത്, അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ / പക്ഷികളെ വാങ്ങുകയും, നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. / പേര് | അടങ്കൽ തുക | ചെലവ് | ഗുണഭോക്താവിനുള്ള സബ്സിഡി തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 153/23 ആട് വളർത്തൽ (വനിത) | 8,40,000/- | 8,40,000/- | 6,000/- | 70 |
| 2 | 157/23 ആട് വിതരണം (എസ്.സി. വനിത) | 96,000/- | 96,000/- | 9,000/- | 8 |
| 3 | 57/23 ആട് വളർത്തൽ (എസ്.ടി. വനിത) | 48,000/- | 48,000/- | 12,000/- | 4 |
| 4 | 153/23 കറവയുള്ള പശു | 16,20,000/- | 8,10,000/- | 30,000/- | 27 |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി, ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ / പക്ഷികളെ വാങ്ങിയതിനും സബ്സിഡി തുകകൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നല്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം. / തിയ്യതി |
|---|---|---|
| 2022-23 | ഓഡിറ്റ് ചെയ്ത തീയതികളിൽ | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000 | ഫാം ടൂറിസം | 1,00,000 | 0 |
| | | 11,70,025 | ലൈഫ് ഭവനപദ്ധതി (എസ്.ടി) | 11,70,025 | 0 |
| | | 1,60,000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 1,60,000 | 0 |
| | | 2,00,000 | കാർഷിക വിളസംരക്ഷണത്തിന് സൗരോർജ്ജവേലി | 2,00,000 | 0 |
| | | 3,36,450 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും യാത്രാബത്ത | 3,36,450 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വസ്ത്രബത്ത, പഠനസാമഗ്രിബത്ത | | |
| | | 8,50,000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 8,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,00,000 | ഫാം ടൂറിസം | 1,00,000 | 0 |
| | | 20,00,000 | ലൈഫ് ഭവനപദ്ധതി (എസ്.ടി) | 20,00,000 | 0 |
| | | 8,50,000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 8,50,000 | 0 |
| | | 4,00,000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 4,00,000 | |
| | | 1,12,150 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും യാത്രാബത്ത വസ്ത്രബത്ത, പഠനസാമഗ്രിബത്ത | 1,12,150 | 0 |
| | | 6,50,000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 6,50,000 | |
| | | 2,25,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 2,25,000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി | കൂടരഞ്ഞി കമ്മ്യൂണിറ്റി ഹാളിലേക്ക് സൗണ്ട് സിസ്റ്റം | 2220115, 2220119, 30.3.23 | 3,22,100 | 0 | 3,22,100 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ (വാർഷിക കണക്ക് പ്രകാരം) | | | 8973826 | 2114807 | - | 6859019 |
| (ലോൺ രജിസ്റ്റർ | | | 13247287 | 2114807 | | 11132480 |

| (പ്രകാരം) | | | | | | |
|---|---|---|---|---|---|---|

കുറിപ്പ് – ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കാനുള്ള തുകയും വാർഷിക കണക്ക് പ്രകാരം തിരിച്ചടയ്ക്കാനുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,100 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1,100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | സ്ഥിര നിക്ഷേപ നമ്പർ /തീയ്യതി | നിക്ഷേപത്തിന്റെ കാലാവധി | തുക |
|---|---|---|---|
| പ്രോമിസറി നോട്ട്, കേരള സർക്കാർ | MS001170/19.08.1971 | NA | 1,000 |
| മലപ്പുറം കോ – ഓപ്പ് സ്പിന്നിംഗ് മിൽ | 85/8.03.1978 | Share Certificate | 100 |
| Total | | | 1,100 |

മലപ്പുറം സ്പിന്നിംഗ് മിൽ അടച്ച് പൂട്ടിയതിനാൽ ഈ സ്ഥാപനത്തിന്റെ ഷെയർ ക്യാരി ഓവർ ചെയ്യുന്നത് നിഷ്ഫലമാണ്. ഈ ഷെയർ തുക അക്കൗണ്ടിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് | തുക | പേര് | തീയതി | രസീതി നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഖണ്ഡികയുടെ വിശദാംശങ്ങൾ | | | | |
| 2019-20 (1-11(2)) | 1,250 | സീനിയർ മാനേജർ, എസ്. ബി. ഐ, കുടരഞ്ഞി | 31.3.2023 | 1220101063 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 11.1.3.43 (1 To 3) 112 | കുടിവെള്ള ജലസേചന പദ്ധതികൾ പരിപാലന കമ്മിറ്റിയ്ക്ക് കൈമാറിയില്ല. | LFAC (19-21) ഖ. 53 ൽ ആനക്കോട് കുടിവെള്ള പദ്ധതി മോട്ടോർ തിരി ച്ചെടുത്ത് ലേലം ചെയ്ത് പഞ്ചായ ത്തിൽ മുതൽ കൂട്ടിയതിന്റെ വിവരം ലഭ്യമാ ക്കാൻ നിർദ്ദേശം. |
| 2009-10 | | 2014-15 | 4.1.4-25 | ഖരമാലിന്യ സംസ്കരണ സംവിധാനം | പരാമർശം തുടരുന്നു. |
| 2007-08 | | 2014-15 | 4.1.5-30 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണ ത്തിൽ മാത്രം ഒതുങ്ങുന്നു | പരാമർശം തുടരുന്നു. |
| 2016-17 | 2-3 | 2016-17 | അനുബന്ധം-4, 187 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |
| 2016-17 | 2-2 | 2016-17 | അനുബന്ധം-5, 211 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉദ്യോഗ സ്ഥന്റെ പേര്, തസ്തിക, ഭരണ സ്ഥാപനം | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | രസീത് നം. തീയതി | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക, തീയ തി | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷി ക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നം. | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1996-97 | 12,13, 15,21 | എ. പി. സതീന്ദ്ര ബാബു, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 8268/ സ്പെ. സെൽ 4/2000 തിയ്യതി 4.5.01 | 940 | 940/ 20944/ 76/14 തിയ്യതി 2.06.01 20932 /51 തിയ്യതി 27.01.01 | | | | | | |
| 2003-04 | 3-1 | എ. പി. സനൽ കുമാർ, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 6394 സ്പെ. സെൽ 5/08 തിയ്യതി 28.03.09 | 3650 | | | | | | 3650 | |

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4 -10 ഓഡിറ്റ് പ്രത്യവലോകനം

### (എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,92,33,194 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,59,85,110 |
| വരവിനത്തിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,76,410 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 5,22,100 | ശ്രീ. സുരേഷ് കുമാർ കെ, സെക്രട്ടറി |
| 1-17 | 4,20,000 | ശ്രീ. അൻസു ഒ. എ, സെക്രട്ടറി |
| 1-18 | 34,310 | ശ്രീ. രാജേഷ് ടി. പി, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ് കുമാർ കെ, സെക്രട്ടറി | സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | കിഴക്കയിൽ വീട്, കുന്ദമംഗലം പി. ഒ, കോഴിക്കോട് – 673571 |
| ശ്രീ. അൻസു ഒ. എ, സെക്രട്ടറി | സെക്രട്ടറി, | കളരിക്കൽ (വീട്), |

| | | |
|---|---|---|
| | കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | അതിരമ്പുഴ പി. ഒ, കോട്ടയം |
| ശ്രീ. രാജേഷ് ടി. പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എഞ്ചിനീയർ, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | താഴെപൂതാളത്ത് വീട്, ചെറുകുളത്തൂർ പി.ഒ, കോഴിക്കോട് –673008 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി4/104/22/2.5.23 | 10(CAR) |
| 2001-02 (DCB) | കെ.എസ്.എ.കെ.കെ.ഡി.പി4/104/22/2.5.23 | (1) 1-4 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി4/104/22/2.5.23 | (3) 2-5,3-3,3-5 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി4/104/22/2.5.23 | (1)3-10 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി4/104/22/2.5.23 | (1)3-1 |
| 2012 -13, 2013 -14 | കെ.എസ്.എ.കെ.കെ.ഡി.പി4/104/22/2.5.23 | (4)(3-1,3-2,3-3,3-9) |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി4/104/22/2.5.23 | (4)(2-3, 3-1,3-4, 3-16) |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി4/104/ 22/2.5.23 | (4){2-2, 3-6, 3-8, 3-9, } |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി4/104/ 22/2.5.23 | (7)(2-2,2-3, 2-5, 3-6(5), 3-6(6), 3-10, 3-12) |
| 2017 -18 | കെ.എസ്.എ.കെ.കെ.ഡി.പി4/104/ 22/2.5.23 | (1)2-3 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി4/104/ 22/2.5.23 | (5)1-12,1-14,1-18,1-22,1-23 |
| 2019-20 | കെ.എസ്.എ. കെ.കെ.ഡി.പി.4/ 347/2022 /07/03/2022 | 1-1 മുതൽ 1-32 വരെ, |
| 2020 -21 | കെ.എസ്.എ/ കെ.കെ.ഡി /പി4/ 925/ 2022/തീയതി 23.05.2022 | 1-1 മുതൽ 1-27 വരെ 2-1 മുതൽ 2-3 വരെ |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി4/288/ 23/26.5.23 | 1-2-1,1-4-1,1-5,1-8 മുതൽ 1-23 വരെ,3-1,3-2,4-8 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 11-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Koodaranhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koodaranhi Grama Panchayat for the year 2022-2023

Date: 21/11/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Koodaranhi Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

a.The following mandatory financial statements prescribed in accounting rules are not submitted for audit i.e, ratios and audit notes.

b.Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

c. directly debited by bank not explained.

d. balance shown for closed bank account.

e.Cheque deposited but not credited.

f. The value of closing stock is not certified in Stock register and taken into account.

g. worksheet not prepared depreciation of asset .

h.amount directly credited is not taken into account.

i.lapses in making timely and accurate demand entries in respect of tax and non tax revenue.

j.Advance amount given to implementing officers does not match with afs.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്